LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡിനുള്ള അപേക്ഷ

144 [1271] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡിന് അപേക്ഷിച്ചിട്ടും കാർഡ് ഇല്ല എന്ന കാരണത്താൽ അപേക്ഷകർക്ക് കാർഡ് ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണ്ണൂർ ജില്ലയിൽ തലശ്ശേരി സിവിൽ സപ്ലൈസ് ഓഫീസിൽ എത്ര അപേക്ഷകർക്ക് കാർഡ് കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) റേഷൻ കാർഡിന് അപേക്ഷിച്ചവർക്ക് ഉടൻ കാർഡ് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 63 അപേക്ഷകർക്ക് റേഷൻ കാർഡ് നൽകുവാനുണ്ട്. ഈ അപേക്ഷകർക്ക് കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമായ എല്ലാ രേഖകളോടുംകൂടി റേഷൻ കാർഡിന് അപേക്ഷിക്കുന്നവർക്ക് അന്നുതന്നെയും അല്ലാത്തവർക്ക് 7 ദിവസത്തിനകവും റേഷൻ കാർഡ് നൽകിവരുന്നുണ്ട്. സ്ഥിരം റേഷൻ കാർഡുകൾ നൽകാൻ കാർഡുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, റേഷൻ ലഭിക്കേണ്ടവർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ താൽക്കാലിക കാർഡുകളും നൽകിവരുന്നുണ്ട്.

മാർജിൻ ഫ്രീ ഷോപ്പുകളുടെ പ്രവർത്തനം

145 [1272] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാർജിൻ ഫ്രീ ഷോപ്പുകൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാർജിൻ ഫ്രീ എന്ന പേര് നൽകി ഉപഭോക്താക്കളെ പലരും കബളിപ്പിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം മാർജിൻ ഫ്രീ ഷോപ്പുകളുടെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.